ആവശ്യമാണൊ എന്നുള്ളതു് ആലോചിക്കേണ്ട ഒരു സംഗതിയാണു്.

മിസ്റ്റർ ജോസഫ് പെട്ട.—അധ്യാപകരുടെ വിദ്യാർത്ഥികളുടെ തോൽവിയേയും ജയത്തേയും അടിസ്ഥാനപ്പെടുത്തിയാണോ സ്റ്റൈപ്പൻറ് കൊടുക്കുന്നതു്; അതോ അവയ്ക്കില്ലാവക്കും കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇതു് സ്കോളർഷിപ്പു കൊടുക്കുന്നതു പോലെ പരീക്ഷ വച്ചിട്ടു കൊടുക്കുന്നതല്ല. എല്ലാവക്കും കൊടുക്കുന്നുണ്ടു്. എന്നാൽ തോറ്റവക്കു രണ്ടാമതും കൊടുക്കണൊ എന്നുള്ളതിനെപ്പറ്റിയാണു് ചോദ്യം വരുന്നതു്. അതാണു് ഇക്കാര്യം ആലോചിച്ചു വേണം ചെയ്യുവാനെന്നു് ഞാൻ ബഹുമാനപ്പെട്ട ക്രാങ്ഗനൂർ മെമ്പരുടെ ചോദ്യത്തിനു് മറുപടി പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ ജോസഫ് പെട്ട.—ഇങ്ങനെ ഇതുവരെ തോറ്റിട്ടുള്ള എത്ര കുട്ടികൾക്കു് സ്റ്റൈപ്പൻറ് കൊടുക്കാതെ ഇരിക്കുന്നുണ്ടു്?

Rama Varmha Tampuran.—I want notice.

മിസ്റ്റർ കെ.പി. വള്ളോൻ.—ഈ ഹർജിക്കാരൻ തോല്ക്കാത്ത അവസരത്തിൽ അയാൾക്കു കൊടുക്കാതിരുന്നിട്ടുണ്ടൊ?

രാമവർമ്മതമ്പുരാൻ.—അറിവില്ല. കൊടുത്തിട്ടുണ്ടായിരിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഹർജിക്കാരനു് തോറ്റ അവസരത്തിൽ കിട്ടീട്ടില്ലെന്നൊ തോല്ക്കാത്ത അവസരത്തിൽ കിട്ടീട്ടില്ലെന്നൊ ആക്ഷേപമുള്ളതു്?

രാമവർമ്മതമ്പുരാൻ.—ഒരു ഹർജി കണ്ടു; അയാൾ തോറ്റിട്ടുണ്ടെന്നാണു് അറിവു്. അതുകൊണ്ടാണു് സ്റ്റൈപ്പൻറ് കൊടുക്കാത്തതെന്നു് അന്വേഷണത്തിൽ അറിയുന്നു.

House name of the Labour Inspector.

252. മിസ്റ്റർ കെ. പി. വള്ളോൻ.—ലേബർ ഇൻസ്പെക്ടരുടെ വീട്ടുപേരെന്തു്?

രാമവർമ്മതമ്പുരാൻ.—ലേബർ ഇൻസ്പെക്ടർ മിസ്റ്റർ കെ. ആർ ശങ്കരന്റെ വീട്ടുപേർ "കരാട്ടുപറമ്പിൽ" എന്നാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കരാട്ടുപറമ്പിൽകാരും അധ്യാപകസംരക്ഷകനും തമ്മിൽ ബന്ധുക്കളാണെന്നുള്ള വിവരം ഗവർമ്മെണ്ടിനു് അറിവുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിനെപ്പറ്റി അന്വേഷിച്ചു പറവാൻ വിരോധമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly